**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ അപേക്ഷയുടെ സമയപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | **കടബാധ്യത മൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുകയും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രഖ്യാപിക്കുകയും സർക്കാരിലേക്ക് കടാശ്വാസത്തിനുള്ള ശിപാർശ നൽകുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തു തീർക്കാനുള്ള തുക 50,000/- രൂപയോ അതിൽ കറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.** |
| (ബി) | 2020 ഏപ്രിൽ മാസം മുതൽ പ്രസ്തുത കമ്മീഷൻ സ്വീകരിച്ചിട്ടുള്ള അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ; അതിൽ എത്രപേർക്ക് കമ്മീഷൻ മുഖേന ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2020 മാർച്ച് 31 ആയിരുന്നു. ടി അപേക്ഷകളിൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. അതിനാൽ 2020 |

| | | | |
|---|---|---|---|
| | | | ഏപ്രിൽ മാസം മുതൽ കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |
| (സി) | കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2020 മാർച്ച് 31 ആയിരുന്നു. ടി അപേക്ഷകളിൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. അതിനാൽ 2020 ഏപ്രിൽ മാസം മുതൽ കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |
| (ഡി) | അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിലെ നിയന്ത്രണം മൂലം നിരവധി ആളുകൾക്ക് അപേക്ഷ നൽകാൻ കഴിയാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഇ) | എങ്കിൽ സമയപരിധി ഇല്ലാതെ വർഷം മുഴുവൻ അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്ക് അവസരമൊരുക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ